# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1290** 02-03-2017-ൽ മറുപടി നൽകേണ്ടത്

## റാഗിംഗ് തടയുന്നതിനുള്ള നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.ബി.ഗണേഷ് കുമാർ<br>ശ്രീ.കെ.കൃഷ്ണൻകുട്ടി<br>ശ്രീ.സി.കെ.നാണു<br>ശ്രീ. കോവൂർ കുഞ്ഞുമോൻ : | പ്രൊഫ.സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വ്യാപകമായി റാഗിംഗ് നടക്കുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) 2016 വർഷം കേരളത്തിൽ എത്ര റാഗിംഗ് കേസുകൾ നടന്നതായി പരാതി ലഭിച്ചിട്ടുണ്ട്; | ബി) 2016 ൽ സംസ്ഥാനത്ത് ആകെ 67 റാഗിംഗ് കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) റാഗിംഗിൽ പ്രതിചേർക്കപ്പെട്ടവർ കുറ്റക്കാരാണെന്ന് തെളിഞ്ഞാൽ കോളേജിൽ നിന്നും ഡിസ്മിസ് ചെയ്യുന്നതിനും കൂടാതെ പരീക്ഷകൾ എഴുതുന്നതിനുള്ള അനുമതി നിഷേധിക്കുന്നതിനും നിലവിൽ നിയമമുണ്ടോ; ഇല്ലെങ്കിൽ ആയതിന് നിയമനിർമ്മാണം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | സി) ഉണ്ട്. |

| | |
|---|---|
| ഡി) റാഗിംഗ് തടയുന്നതിനായി കർശന നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി പുതുതായി എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കുന്നതിന് ഉദ്ദേശ്യമുണ്ടോ? | ഡി) റാഗിംഗ് സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ അതത് സ്ഥാപനങ്ങളിലെ ആന്റി റാഗിംഗ് സെല്ലിന്റെ പ്രവർത്തനം ശക്തമാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. റാഗിംഗി-നെതിരെ ബോധവൽക്കരണ ക്ലാസ്സു-കൾ നടത്തുന്നതിനുവേണ്ടി അടുത്ത ബഡ്ജറ്റിൽ തുക വകയിരുത്തു-ന്നതിനായി പ്രൊപ്പോസൽ നൽകാൻ സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ റാഗിംഗ് നിയന്ത്രണ-വിധേയമാക്കുവാൻ കേന്ദ്രമാന-വവിഭവശേഷി മന്ത്രാലയം നിഷ്കർഷി-ച്ചതനുസരിച്ച് വിദ്യാഭ്യാസ സ്ഥാപന-ങ്ങളിൽ അന്റി റാഗിംഗ് കമ്മിറ്റി ബന്ധപ്പെട്ട ഡെപ്യൂട്ടി കമ്മീഷണറു-ടെയോ, ജില്ലാ ജഡ്ജിയുടെയോ സാന്നിദ്ധ്യത്തിൽ രൂപീകരിക്കുവാനും, റാഗിംഗിന് ഇരയായവരുടെ പരാതികൾ ലഭിക്കുന്ന മുറയ്ക്ക് ആയതിന് അടിയന്തിര പരിഹാരം കാണുന്നതിനുള്ള നടപടികൾ സ്വീകരി-ക്കുവാനും ആന്റി റാഗിംഗ് സെല്ലിന്റെ പ്രവർത്തനം മോണിറ്റർ ചെയ്യുവാനും ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ |

| | |
|---|---|
| | പരിധിയിൽ വരുന്ന എല്ലാ വകുപ്പ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**